# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2935 — 18.06.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യവികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും,സുരക്ഷ ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വില്ലേജാഫീസുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങളിൽ അറ്റകുറ്റപ്പണികൾ, ടോയിലറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടവ, അഡീഷണൽ റൂം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കേണ്ട വില്ലേജുകളുടെ വിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും, 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയിലറ്റ് നിർമ്മാണത്തിനും 68 വില്ലേജുകളിൽ ചുറ്റുമതിൽ 67 വില്ലേജുകളിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിൽ 50 വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ടാക്കി മാറ്റാനും 100 വില്ലേജ് ഓഫീസുകളിൽ ഒരു അഡീഷണൽ മുറി നിർമ്മിക്കാനും 80 വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനും 80 വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും,ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട് പദ്ധതി'. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

**2. ആർ.ആർ ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും.

**3. ഇ-പേയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ് ഫോം എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

**4. സംയാജിത ഓൺലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

S.O [Rev. F]